പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2492 | 18-07-2011 ൽ മറുപടിക്ക് |
|---|---|

## നോർക്ക വകുപ്പിന്റെ എല്ലാ ഏജൻസികളുടേയും ഏകോപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി.പി. മുഹമ്മദ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) നോർക്ക വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളെയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ: | (എ)യും(ബി)യും നോർക്ക വകുപ്പിന്റെകീഴിൽ നോർക്ക റൂട്ട്സ് നോർക്ക വെൽഫയർ ബോർഡ് എന്നീ ഏജൻസികളാണ് പ്രവർത്തിച്ചുവരുന്നത്. ഈ രണ്ട് ഏജൻസികളുടെയും ഭരണചുമതലകൾ നിർവ്വഹിക്കുന്നതിനായി പ്രത്യേകം നിയമാവലിയുടെ അടിസ്ഥാനത്തിലുള്ള ഭരണ സമിതികളാണ് നിലവിലുള്ളത്. ഈ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടാണ് നോർക്ക വകുപ്പ് പ്രവർത്തിച്ചുവരുന്നത്. |
| (സി) പ്രവാസി കേരളീയരെ സഹായിക്കുന്നതിന് ഒരു എൻ.ആർ.ഐ. ബിസിനസ്സ് സെന്റർ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ; ? | സി) വിദേശത്ത് തൊഴിൽ ചെയ്യുന്ന മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിലേക്കും, അവരുടെ ബിസിനസ്സ് സംരംഭങ്ങൾക്ക് വേണ്ടുന്ന സാങ്കേതിക സാമ്പത്തിക നിയമ ഉപദേശങ്ങൾ നൽകുന്നതിനും എൻ.ആർ.കെ. ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ